**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 820** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>സാമൂഹ്യ വനവൽക്കരണവും വനസംരക്ഷണ പരിപാടികളും</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. വിഷ്ണു മോഹൻ

ശ്രീ. ഉല്ലാസ് കോവൂർ

ശ്രീ. വി. കുഞ്ഞികൃഷ്ണൻ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി)

**(എ)** സാമൂഹ്യ വനവത്കരണത്തിനും വനസംരക്ഷണത്തിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കാമോ;

**<u>മറുപടി:</u>** സാമൂഹ്യ വനവൽക്കരണത്തിനായി വിദ്യാവനം, നഗരവനം, ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗ്, ബ്ലോക്ക് പ്ലാന്റിംഗ്, കണ്ടൽ നടൽ, കാവ് സംരക്ഷണം, തീരവനം, ട്രീ ബാങ്കിംഗ്, ബയോഡൈവേഴ്സിറ്റി പാർക്ക്, ശലഭോദ്യാനം, നക്ഷത്രവനം, നഴ്സറി സ്കൂൾ യോജന തുടങ്ങിയ പദ്ധതികൾ സാമൂഹ്യ വനവൽക്കരണ വിഭാഗം നടപ്പിലാക്കി വരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് പഞ്ചായത്ത് വഴി തൊഴിലുറപ്പ് പദ്ധതി മുഖേന വൃക്ഷത്തൈകൾ ഉൽപാദിപ്പിച്ച് നട്ടുവളർത്തുന്നതിനായി വൃക്ഷസമൃദ്ധി പദ്ധതി, വനമിത്ര പുരസ്കാരം എന്നിവയും നടപ്പിലാക്കി വരുന്നുണ്ട്. പരിഹാര വനവൽക്കരണ പദ്ധതിയുടെ ഭാഗമായി മുറിച്ചുമാറ്റപ്പെടുന്ന മരങ്ങൾക്ക് പകരമായി വിവിധ സ്ഥലങ്ങളിൽ തൈകൾ വച്ചുപിടിപ്പിക്കുന്ന പദ്ധതിയും സാമൂഹ്യ വനവൽക്കരണ വിഭാഗം ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നുണ്ട്. വിവിധ ഡിവിഷനുകളുടെ കീഴിലുള്ള വനസംരക്ഷണ സമിതി മുഖേന പരിശീലന ക്യാമ്പ് നടത്തിവരുന്നതിലൂടെ സമൂഹത്തിന് ഉപകാരപ്പെടുന്ന മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിന്റെ ഗുണവശങ്ങൾ സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നുണ്ട്. കൂടാതെ ലോകപരിസ്ഥിതി ദിനം, വനമഹോത്സവം തുടങ്ങിയ പ്രധാന പരിസ്ഥിതി, വനം-വന്യജീവി ദിനാഘോഷങ്ങളുമായി ബന്ധപ്പെട്ട് എൻ.ജി.ഒ. ക്ലബ്ബുകൾ , പഞ്ചായത്തുകൾ, സ്കൂളുകൾ മുതലായ സ്ഥാപനങ്ങൾക്ക് തൈകൾ വിതരണവും , തൈ നടീൽ പ്രവർത്തികളും ബോധവൽക്കരണ പരിപാടികളും നടത്തി വരുന്നു. കൂടാതെ ജൈവവൈവിധ്യ സംരക്ഷണത്തിനായി വിവിധ കാവുകൾക്ക് ധനസഹായ വിതരണവും ചെയ്തു വരുന്നുണ്ട്.

**(ബി)** നഗരപ്രദേശങ്ങളിലെ അന്തരീക്ഷ മലിനീകരണം കുറയ്ക്കുന്നതിനും ഹരിത ഇടങ്ങൾ (ഗ്രീൻ സ്പേസസ് ) വർദ്ധിപ്പിക്കുന്നതിനുമായി സാമൂഹ്യ വനവത്കരണ വിഭാഗത്തിന്റെ നേതൃത്വത്തിൽ മിയാവാക്കി മാതൃകയിലോ നഗര വനങ്ങളായോ(അർബൻ ഫോറസ്റ്റ്സ്) പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; വിശദമാക്കാമോ ;

**<u>മറുപടി:</u>** അന്തരീക്ഷ മലിനീകരണം കുറയ്ക്കുന്നതിനും, ഹരിത ഇടങ്ങൾ (ഗ്രീൻ സ്പേസസ്) വർധിപ്പിക്കുന്നതിനുമായി നഗരവനം, വിദ്യാവനം, ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗ്, മിയാവാക്കി വന നിർമ്മാണം എന്നിവ നടപ്പിലാക്കി വരുന്നു.

**(സി)** തീരദേശ സംരക്ഷണത്തിന്റെ ഭാഗമായി സാമൂഹ്യ വനവത്കരണ വിഭാഗം കണ്ടൽക്കാടുകൾ വെച്ചുപിടിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി നടപടികൾ സ്വീകരിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

**മറുപടി:** എറണാകുളം സോഷ്യൽ ഫോറസ്ട്രി സർക്കിളിനു കീഴിൽ തൃശ്ശൂർ ഡിവിഷനിൽ തീരദേശ സംരക്ഷണത്തിന്റെ ഭാഗമായി 2022-2023 വർഷത്തിൽ പാവറട്ടി പഞ്ചായത്തിൽ 5000 കണ്ടൽത്തൈകൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്. എറണാകുളം ഡിവിഷനിൽ തീരവനം പദ്ധതിയുടെ ഭാഗമായി കാറ്റാടി തൈകളും പ്രധാനമന്ത്രി മത്സ്യ സമ്പാദ യോജന (PMMSY) പ്രകാരം കണ്ടൽത്തൈകളും വച്ചുപിടിപ്പിച്ചിട്ടുണ്ട്. കാലടി പ്രകൃതി പഠന കേന്ദ്രത്തിന്റെ കീഴിൽ വരുന്ന മംഗളവനം പക്ഷിസങ്കേതത്തിൽ സ്വാഭാവികമായി വളരുന്ന കണ്ടൽക്കാടുകളെ സംരക്ഷിച്ചുവരുന്നുണ്ട്. കൊല്ലം സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ മൺട്രോത്തുരുത്ത്, അഷ്ടമുടി ഭാഗങ്ങളിൽ തീരദേശ സംരക്ഷണത്തിന്റെ ഭാഗമായി മുൻകാലങ്ങളിൽ കണ്ടൽത്തൈകൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്. കോട്ടയം സോഷ്യൽ ഫോറസ്ട്രി ഡിവിഷന്റെ പരിധിയിൽ കണ്ടൽക്കാടുകൾ വച്ചുപിടിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ആലപ്പുഴ സോഷ്യൽ ഫോറസ്ട്രി ഡിവിഷനു കീഴിൽ തോടുകളുടെ സംരക്ഷണത്തിനായി കണ്ടൽക്കാടുകൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്. കണ്ണൂർ സോഷ്യൽ ഫോറസ്ട്രി ഡിവിഷനു കീഴിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ Mangrove Initiative for Shoreline Habitats & Tangible Incomes (MISHTI) മുഖേന കണ്ടൽക്കാടുകൾ വച്ചുപിടിപ്പിച്ച് സംരക്ഷിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**